# Malayala Manorma

## 18 June 2018

## Kochi: Pubic news



# എൻജിഒ യൂണിയൻ മൽസരങ്ങൾ ഇന്ന്

കൊച്ചി • എൻജിഒ യൂണിയൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന സംസ്ഥാന ജീവനക്കാരുടെ, ചെസ്, ക്യാരംസ് (ഡബിൾ) മൽസരങ്ങൾ ഇന്ന് എറണാകുളം പള്ളിമുക്ക് സെന്റ് ജോർജ് പാരീഷ്ഹാളിൽ നടക്കും.

സംസ്ഥാന ചാംപ്യൻ വിനയ് തോമസ് ഏബ്രാഹം ഉദ്ഘാടനം ചെയ്യും. യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഇ. പ്രേംകുമാർ അധ്യക്ഷനാവും. ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി, കലാകായിക സംസ്ഥാന സമിതി കൺവീനർ എം.വി. ശശിധരൻ എന്നിവർ പങ്കെടുക്കും. ജില്ലാ കലാകായിക സമിതികൾ സംഘടിപ്പിച്ച ജില്ലാതല ചാംപ്യൻഷിപ്പിലെ വിജയികളാണു മൽസരങ്ങളിൽ പങ്കെടുക്കുക.

## പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു

കൊച്ചി • കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രവർത്തന വർഷം ഉദ്ഘാടനം ഫാ. ഡോ. ഏബ്രഹാം ഓലിയപ്പുറത്ത് നിർവഹിച്ചു. അതിരൂപതാ പ്രസിഡന്റ് പോൾ ജെയിംസ് അധ്യക്ഷനായി. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു. ഫാ. സിജോ കരിയാന്തൻ, ടി.ജി. മാർട്ടിൻ, സിസ്റ്റർ റ്റിൻസി, ബിജു കെ. സൈമൺ, ജീബ പൗലോസ് എന്നിവർ പ്രസംഗിച്ചു.

## പച്ചക്കറിത്തൈ വിതരണം

അരൂർ • കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ എഴുപുന്ന യൂണിറ്റ് പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. എഴുപുന്ന സെന്റ് മേരീസ് ഇമാക്കുലേറ്റ് പള്ളിവികാരി ഫാ. സേവ്യർ ഒരപ്പന വിതരണം ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ബൈജു നടീപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. സാബു കാനയ്ക്കാപ്പള്ളി, എൻ. സൈമൻ, സി.ആർ. ആന്റണി, ജോണി ചെറുവള്ളി, പി.എ. ഫ്രാൻസീസ് പ്രസംഗിച്ചു.